I ഇ.ബി. XII - കേരള നിയമസഭ/XVI-3

# പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## നിയമസഭാ നടപടികൾ-സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 ഡിസംബർ 23, വ്യാഴം

നിയമസഭ രാവിലെ **8.30**-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### അടിയന്തിരപ്രമേയം

അനെർട്ടിലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ

മി. സ്പീക്കർ: പൊതുമേഖലാസ്ഥാപനമായ അനെർട്ടിന്റെ പുന:സംഘടനയിൽ നിയമവിരുദ്ധ പ്രവർത്തനങ്ങളും ധൂർത്തും ഫണ്ട് വകമാറ്റി ചെലവഴിക്കലും ഉണ്ടായതായി പറയപ്പെടുന്ന സ്ഥിതിവിശേഷത്തെ സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി.സി. ജോർജ്, കെ. ബാബു, കെ. കുട്ടി അഹമ്മദ് കുട്ടി, കെ.പി. മോഹനൻ, കെ.ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

പിന്നോക്ക-പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): 1956-ലെ ട്രാവൻകൂർ കൊച്ചിൻ സയന്റിഫിക് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള അനെർട്ടിന്റെ

പ്രവർത്തനം സുതാര്യമാണ്. സ്പെസിഫിക്കായ അലിഗേഷൻ ഉണ്ടെങ്കിൽ സമഗ്രമായ അന്വേഷണവും പരിശോധനയും നടത്തുന്നതാണ്. ഭരണഘടനാ ഭേദഗതിയുടെ ഭാഗമായി ഇപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് ഗ്രാമീണ ഊർജ്ജ ഉൽപ്പാദനത്തിൽ കേന്ദ്ര ഗവൺമെന്റ് വലിയ പ്രാധാന്യം കൊടുത്തിരിക്കുന്നത്. അതിന്റെ ഭാഗമായി അവർ 35 കോടി രൂപ അനെർട്ടിൽ നിക്ഷേപിക്കുകയുണ്ടായി. ഇതിൽ 18 കോടി രൂപ ഇന്റഗ്രേറ്റഡ് റൂറൽ എനർജി പ്ലാൻ തയ്യാറാക്കുന്നതിന് വിവിധ പഞ്ചായത്തുകൾ നിക്ഷേപിച്ചിട്ടുള്ളതാണ്. പാരമ്പര്യേതര ഊർജ്ജ പദ്ധതികളുടെ ഭാഗമായി കേന്ദ്ര പദ്ധതികൾ സമർപ്പിക്കുന്നതിനും കാർബൺ ക്രെഡിറ്റിനുവേണ്ടി യുണൈറ്റഡ് നാഷൻസിൽ അപേക്ഷിക്കുന്നതിനും അടിസ്ഥാനരേഖയായി ഇന്റഗ്രേറ്റഡ് റൂറൽ പ്ലാന്റ് ഉണ്ടാക്കേണ്ടത് ആവശ്യമാണ്. മാൻഡേറ്ററി സർവ്വേ, എൻ.ടി.യു. സർവ്വേ, പവർലൈൻ മാപ്പിംഗ് തുടങ്ങിയ പ്രവൃത്തികളാണ് ഇവിടെ നടക്കേണ്ടത്. ഇതിൽ മാൻഡേറ്ററി സർവ്വേ പൂർത്തിയായി. എൻ.ടി.യു. സർവ്വേയും പവർലൈൻ മാപ്പിംഗും ഇപ്പോൾ നടന്നുവരികയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ പഞ്ചായത്തുകളുടേയും സമഗ്ര ഊർജ്ജ ആസൂത്രണ രേഖ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ് 2012 മാർച്ച് മാസത്തോടെ ഇത് പൂർത്തിയാക്കാനാകും. 9 കോടി രൂപ വിവിധ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനുവേണ്ടിയാണ്. പഞ്ചായത്തുകളുടെ സഹായത്തോടുകൂടി അനെർട്ടിന്റെ സാങ്കേതികജ്ഞാനം ഉപയോഗപ്പെടുത്തി ഒരു കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ബാക്കിയുള്ള 8-കോടി രൂപ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ കണ്ടുപിടിക്കുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിന് ആ കമ്പനിയിലേയ്ക്ക് ഷെയർ ആയി കൊടുക്കു

ന്നതിനാണ്. ഇതിൽ യാതൊരുവിധത്തിലുള്ള മിസ് അപ്രോപ്രിയേഷനും നടന്നിട്ടില്ല. അനെർട്ടിന്റെ നിയമനം പി.എസ്.സി.-ക്ക് വിട്ടിട്ടില്ല. അവിടെ ചട്ട പ്രകാരമല്ലാതെ ഒരു നിയമനവും നടന്നിട്ടില്ല. ഈ വിഷയം സഭാ നടപടി കൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. പി. സി. ജോർജ്: അനെർട്ടിൽ നടക്കുന്ന വ്യാപക അഴിമതിയും നിയമ വിരുദ്ധ നിയമനങ്ങളും സംബന്ധിച്ച് പലപ്രാവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഭരണപക്ഷത്തെ അഞ്ച് എം.എൽ.എ.മാരും ചേർന്ന് ഇക്കാര്യങ്ങൾ അന്വേഷിക്കാൻ തയ്യാറാകണം. അനെർട്ട് പുന:സംഘടിപ്പിച്ചപ്പോൾ ഫിനാൻഷ്യൽ രജിസ്ട്രാർക്കും ഫിനാൻഷ്യൽ മാനേജർക്കും മാത്രമാണ് യോഗ്യത നിശ്ചയിച്ചിട്ടുള്ളത്. അനെർട്ടിൽ നടന്ന നിയമവിരുദ്ധ നിയമനങ്ങ ളെക്കുറിച്ച് പരിശോധിക്കണം. ഫീൽഡ് അസിസ്റ്റന്റിനുള്ള പത്രപ്പരസ്യത്തിൽ യോഗ്യതയുടെ മാനദണ്ഡം തെറ്റായിട്ടാണ് കൊടുത്തിരിക്കുന്നത്. ത്രിതല പഞ്ചായത്തുകളിൽ നിന്ന് മുപ്പത്തിയഞ്ചരക്കോടി രൂപ വാങ്ങിച്ചെങ്കിലും ഉടമ്പടി പ്രകാരമുള്ള പുകയില്ലാത്ത അടുപ്പുപോലും നൽകിയില്ല. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് 2009 ജൂൺ 30-ന് മുമ്പ് പദ്ധതി പൂർത്തിയാക്കിയില്ലെങ്കിൽ രണ്ട് ശതമാനം പലിശസഹിതം തുക തിരിച്ചുകൊടുക്കണമെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല. ഡബ്ലിയു.എച്ച്.ഒ. നിരോധിച്ച 600 രൂപയ്ക്ക് ലഭ്യമാകുന്ന അടുപ്പുകൾ 7000 എണ്ണം ബാംഗ്ലൂരുള്ള ഒരു പ്രൈവറ്റ് കമ്പനിയിൽനിന്ന് വാങ്ങി ബി.പി.എൽ.കാർക്ക്

1200 രൂപ വച്ച് കൊടുക്കാൻ നിർദ്ദേശിച്ചിരിക്കുകയാണ്. ഈ നിയമവിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): ജലസ്രോതസ്സ് പരിപൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിന് അനർട്ടിന്റെ നിലവിലുള്ള സംവിധാനം പഞ്ചായത്തുകളെ സഹായിക്കുന്നതിന് കഴിയുകയില്ലെന്നും അനർട്ടിനെ പുന:സംഘടിപ്പിക്കണമെന്നും പ്ലാനിംഗ് ബോർഡ് വൈസ്ചെയർമാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കിയ പുന:സംഘടന ക്യാബിനറ്റ് അംഗീകരിച്ചതാണ്. അനെർട്ടിലുണ്ടായിരുന്ന 196 തസ്തികകൾ പുന:സംഘടനയുടെ ഭാഗമായി 191 ആയി ചുരുങ്ങി. ആകെയുള്ള 105 റഗുലർ തസ്തികകളിൽ 51 എണ്ണം 1991-ൽ ഐ.ആർ.ഇ.പി-യിൽ നിയമിച്ചവരെ റഗുലറൈസ് ചെയ്യുന്നതിനും 28 എണ്ണം അനെർട്ടിലെ സ്ഥിരം ജീവനക്കാർക്കുവേണ്ടിയുള്ളതുമാണ്. ബാക്കിയുള്ള 26 ഒഴിവുകൾ നോട്ടിഫൈ ചെയ്തിട്ടുണ്ട്. ആട്ടോണമസ് ബോഡിയായതിനാലും സ്പെഷ്യൽ റൂൾസില്ലാത്തതിനാലും ഇവിടത്തെ നിയമനങ്ങൾ പി.എസ്.സി-ക്ക് വിടാൻ കഴിയുകയില്ല. നിയമനങ്ങൾ നടത്താനുള്ള ഗവേണിംഗ് ബോഡിയുടെ അധികാരം ഉപയോഗിച്ച് ഫിനാൻസ് മാനേജർ, രജിസ്ട്രാർ, സ്റ്റേറ്റ് പ്രോഗ്രാം മാനേജർ തുടങ്ങിയ പത്ത് സീനിയർ തസ്തികകളിൽ അനെർട്ടിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം ശ്രീ. സി.പി. നായർ (മുൻ ചീഫ് സെക്രട്ടറി), ശ്രീ. പോൾ ആന്റണി (പവർ വകുപ്പ് സെക്രട്ടറി), അനെർട്ട് ഡയറക്ടർ, സബ്ജക്ട് എക്സ്പെർട്ട് എന്നിവരടങ്ങുന്ന ഇന്റർവ്യൂ ബോർഡാണ് ഇപ്പോൾ സെലക്ഷൻ നടത്തുന്നത്. ബാക്കി 16 പോസ്റ്റുകളിൽ ലാൽബഹദൂർ ശാസ്ത്രി സെന്റർ പരീക്ഷ

നടത്തിയശേഷമാണ് ഇന്റർവ്യൂവും സെലക്ഷനും നടത്തുന്നത്. യാതൊരുവിധ അപാകതയും ഇതിൽ ഇല്ല. ഇക്കാര്യം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

**ശ്രദ്ധക്ഷണിക്കൽ**

(1) <u>വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ</u>

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : നിലമ്പൂരിലും മലബാർ മേഖലയിലെ മലയോരങ്ങളിലും കാട്ടുമൃഗങ്ങളുടെ ആക്രമണങ്ങൾ നിത്യസംഭവമായിരിക്കുന്നു. നിലമ്പൂർ മണ്ഡലത്തിൽ കഴിഞ്ഞ വർഷം പത്തിലധികം ആളുകൾ കാട്ടാനയുടെ കുത്തേറ്റ് മരിക്കുകയും കോടിക്കണക്കിന് രൂപയുടെ കൃഷിനാശം സംഭവിക്കുകുയുമുണ്ടായി. സെൻട്രൽ ആക്ടിലെ വ്യവസ്ഥപ്രകാരം കാട്ടുമൃഗങ്ങളെ വെടിവയ്ക്കാനോ കൊല്ലാനോ ഉള്ള അധികാരമില്ലെന്നാണ് സർക്കാർ പറയുന്നത്. എന്നാൽ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്റ്റിലെ സെക്ഷൻ 11-ൽ അവയെ കൊല്ലാനുള്ള അധികാരം സംബന്ധിച്ചും കാട്ടാന ഉപദ്രവിക്കാൻ വരുമ്പോഴോ കൃഷി നശിപ്പിക്കാൻ വരുമ്പോഴോ മുടക്കുവെടി വയ്ക്കുന്നത് നിയമവിരുദ്ധമല്ല എന്നും അനുശാസിക്കുന്നുണ്ട്. വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്നും മലയോരമേഖലകളിലെ കൃഷിക്കാരുടെ ജീവനും സ്വത്തിനും സംരക്ഷണം ലഭിക്കുന്നതിനായി ആക്റ്റിലെ വ്യവസ്ഥപ്രകാരം മുടക്കുവെടി വയ്ക്കാനും പ്രശ്നബാധിത പ്രദേശങ്ങളിലെ നിവാരണ പ്രവർത്തനങ്ങൾക്കായി ഫണ്ട് അനുവദിക്കാനും അടിയന്തിരനടപടി സ്വീകരിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി.ദിവാകരൻ) മനുഷ്യരുടെ ജീവൻ രക്ഷിക്കാൻവേണ്ടി വന്യമൃഗങ്ങളെ കൊല്ലാൻ നിയമത്തിൽ വകുപ്പുകളുണ്ടെങ്കിൽ തീർച്ചയായും അക്കാര്യം പരിശോധി ക്കാവുന്നതാണ്. നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത് ഡിവിഷനുകളിലായി വ്യാപിച്ചുകിടക്കുന്ന വനമേഖലകളിൽ അനുഭവപ്പെടുന്ന കാട്ടാനകളുടെ ആക്രമണത്തിനെതിരെ വനംവകുപ്പ് ശക്തമായ നടപടികൾ കൈക്കൊണ്ടിട്ടു ണ്ട്. ഈ ഡിവിഷനുകളിൽ 42.36 ലക്ഷം രൂപ ചെലവഴിച്ച് 50.19 കിലോമീറ്റർ സൗരോർജ്ജ വേലിയും 33.97 ലക്ഷം രൂപ ചെലവഴിച്ച് ആനപ്രതിരോധ കിടങ്ങുകളും നിർമ്മിക്കുകയും വന്യമൃഗങ്ങൾക്ക് വനത്തിനുള്ളിൽത്തന്നെ ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിനായി 8 തടയണകളും 15 കുളങ്ങളും നിർമ്മിക്കുകയും വിവിധ ഭാഗങ്ങളിലായി 389 ഹെക്ടർ സ്ഥലത്ത് മുളന്തോട്ടവും 141.64 ഹെക്ടർ സ്ഥലത്ത് നിശ്ചിതതോട്ടവും വച്ചുപിടി പ്പിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ ഈ രണ്ട് ഡിവിഷനുകളിലായി വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരണപ്പെട്ട 11 പേരുടെ കുടുംബങ്ങൾക്ക് 15.90 ലക്ഷം രൂപയും കൃഷിനാശത്തിന് 9.29 ലക്ഷം രൂപയും നഷ്ടപരിഹാരമായി നൽകി. വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്നവർക്കുള്ള നഷ്ടപരിഹാരം 50,000 രൂപയായിരു ന്നത് 3,00,000 രൂപയായും കൃഷിനാശത്തിനും മറ്റും നൽകിയിരുന്ന 10,000 രൂപ 50,000 രൂപയായും വർദ്ധിപ്പിച്ചു. മലബാർ മേഖലയിലുള്ള പാലക്കാട്

ജില്ലയിലും കാട്ടാനശല്യം അനുഭവപ്പെടുന്നുണ്ട്. വനം മേഖലകളോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിലെ രൂക്ഷമായ വന്യമൃഗശല്യം നേരിടുന്നതിന് വനംവകുപ്പ് അതാത് മണ്ഡലങ്ങളിലെ എം.എൽ.എ-മാരുമായി ചർച്ചചെയ്ത് ഒരു പ്രവർത്തന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഈ വർഷം നബാർഡിന്റേയും 13-ാം ധനകാര്യ കമ്മീഷന്റേയും പ്ലാൻ ഫണ്ടിന്റെയും സഹായത്തോടെ 10.81 കോടി രൂപയ്ക്കുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. പ്രശ്നബാധിത പ്രദേശങ്ങളിൽ ഈ തുകയ്ക്കുള്ള നിവാരണ പ്രവർത്തനങ്ങൾ അടിയന്തിരമായി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. ആനകളെ മുടക്കുവെടി വയ്ക്കുന്നതിന്റെ നിയമസാധ്യത പരിശോധിക്കേണ്ടതുണ്ട്.

(2) <u>എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസം</u>

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: കാസർഗോഡ് ജില്ലയിലെ പ്ലാന്റേഷൻ തോട്ടങ്ങളിലെ എൻഡോസൾഫാൻ ഉപയോഗം ജില്ലയിലെ പതിനൊന്ന് ഗ്രാമങ്ങളിലെ ജനങ്ങളെ തലമുറകളോളം നീളുന്ന തീരാദുരിതത്തിലാക്കിയിരിക്കുകയാണ്. ഇടുക്കി, വയനാട്, പാലക്കാട്, കോഴിക്കോട് ജില്ലകളിലും ആരോഗ്യ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ജനിതക വൈകല്യങ്ങൾ, നാഡീവ്യൂഹത്തിലുണ്ടാകുന്ന തകരാറുകൾ, അംഗവൈകല്യങ്ങൾ, ഹോർമോൺ വ്യതിയാനങ്ങൾ, പ്രത്യുൽപാദന വ്യവസ്ഥയിലെ തകരാറുകൾ, ക്യാൻസർ തുടങ്ങിയവയാണ് ജനങ്ങളെ ബാധിച്ചിരിക്കുന്നത്. ഈ കീടനാശിനി ഉപയോഗിച്ചതിന്റെ ഉത്തരവാദിത്വം പ്ലാന്റേഷൻ കോർപ്പറേഷനും സർക്കാരിനുമാണ്. ഈ രോഗങ്ങൾക്ക് കാരണം എൻഡോസൾഫാനല്ലെന്ന് കേന്ദ്ര കൃഷിവകുപ്പുമന്ത്രി കാസർഗോഡ് പ്രസ്താവന നടത്തിയതും ജനീവയിൽ

ചേർന്ന കൺവെൻഷനിൽ ഇന്ത്യൻ പ്രതിനിധിതന്നെ എൻഡോസൾഫാൻ നിരോധിക്കേണ്ടതില്ലെന്ന വാദഗതി ഉയർത്തിയതും കാസർഗോഡ് ജില്ലയിലെ ജനങ്ങളെ പ്രക്ഷുബ്ധരാക്കുകയുണ്ടായി. ഇതുസംബന്ധിച്ച് വീണ്ടും പഠനം നടത്തണമെന്നാണ് കേന്ദ്ര ഗവൺമെന്റ് പറയുന്നത്. ഇതിനകം എൻഡോസൾഫാൻ ഉപയോഗിക്കുന്നതുമൂലമുണ്ടാകുന്ന പാരിസ്ഥിതിക-ആരോഗ്യ പ്രശ്നങ്ങളുടെ ഭീകരത വ്യക്തമാക്കുന്ന 16 പഠനങ്ങൾ നടത്തിയിട്ടുണ്ട്. ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ചും പഠനം നടത്തി എൻഡോസൾഫാന്റെ ഉപയോഗം നിറുത്തണമെന്ന് പറഞ്ഞിട്ടുണ്ട്. കേരള സർക്കാർ നിയമിച്ച ഡോ: അച്യുതൻ കമ്മിറ്റി എൻഡോസൾഫാന്റെ ഉപയോഗം നിറുത്തണമെന്ന് ആവശ്യപ്പെട്ടിട്ടും കേന്ദ്ര ഗവൺമെന്റ് നിയോഗിച്ച ഒ.പി. ദുബേ കമ്മിറ്റി നടത്തിയ പഠന റിപ്പോർട്ടിൽ ഇന്ത്യയിൽ എൻഡോസൾഫാൻ ഉപയോഗിക്കാമെന്ന് അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് മറ്റെല്ലാ പഠനങ്ങളേയും അവഗണിച്ചുകൊണ്ട് എൻഡോസൾഫാൻ വീണ്ടും ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ദുരിതബാധിതരെ സഹായിക്കാൻ സംസ്ഥാന ഗവൺമെന്റ് പരമാവധി കാര്യങ്ങൾ ചെയ്തിട്ടുണ്ട്. എൻഡോസൾഫാൻ സമ്പൂർണ്ണമായി നിരോധിക്കാനും ദുരിതത്തിനിരയായവർക്ക് ആധുനിക ചികിൽസാസംവിധാനം നടപ്പിലാക്കാൻ ബൃഹത്തായ കേന്ദ്ര പാക്കേജ് അനുവദിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താനും ഇക്കാര്യത്തിൽ കൂടുതൽ പഠനങ്ങളുടെ ആവശ്യമില്ലെന്ന് കേന്ദ്രത്തെ ബോധ്യപ്പെടുത്താനും സംസ്ഥാനത്തിന് ചെയ്യാൻ കഴിയുന്ന പരമാവധി സഹായങ്ങൾ ചെയ്യാനും എൻഡോസൾഫാൻ ബാധിതർക്ക് നിയമപരമായ നഷ്ടപരിഹാരം

ലഭ്യമാക്കുന്നതിന് ജുഡീഷ്യൽ അധികാരത്തോടുകൂടിയ ട്രൈബ്യൂണൽ സ്ഥാപിക്കാനും നടപടിയുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): 1981 മുതൽ 2001 വരെ കാസർഗോഡ് ജില്ലയിലെ പ്ലാന്റേഷൻ കോർപ്പറേഷൻ വക കശുമാവ് തോട്ട ങ്ങളിൽ എൻഡോസൾഫാൻ കീടനാശിനി ഉപയോഗിച്ചതിന്റെ ഫലമായി പതിനൊന്ന് പഞ്ചായത്തുകളിൽ കടുത്ത പാരിസ്ഥിതിക പ്രശ്നങ്ങളും ജനങ്ങൾക്ക് ആരോഗ്യപ്രശ്നങ്ങളും ഉണ്ടായി. ഇതുസംബന്ധിച്ച കോടതി നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ 2004-ൽ എൻഡോസൾഫാന്റെ വിൽപ്പനയും ഉപയോഗവും ഉപേക്ഷിച്ചുവെങ്കിലും ഇപ്പോഴും പ്രസ്തുത മേഖലയിൽ അതുമൂലമുണ്ടായ ദുരിതങ്ങൾ തുടരുകയാണ്. ഈ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ ഈ കീടനാശിനിയുടെ ഉൽപാദനവും ഉപയോഗവും രാജ്യത്ത് നിരോധിക്കണമെന്ന് കേന്ദ്രത്തോട് പലതവണ ആവശ്യപ്പെട്ടെങ്കിലും അനുകൂലമായ നിലപാട് സ്വീകരിച്ചിട്ടില്ല. കീടനാശിനികൾ സംബന്ധിച്ച ലോക സമ്മേളനത്തിൽ എൻഡോസൾഫാന്റെ ഉപയോഗം സംബന്ധിച്ച് കേന്ദ്രത്തിന്റെ അനുകൂലമായ നിലപാടിനെതിരെ സംസ്ഥാന സർക്കാർ ശക്തമായ പ്രതിഷേധം അറിയിച്ചിട്ടുണ്ട്. ദുരന്തഫലം അനുഭവിക്കുന്നവരെ പുനരധിവസിപ്പിക്കാനുള്ള സമഗ്രമായ പാക്കേജ് നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ കേന്ദ്രത്തോട് 100 കോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. മരിച്ചവരുടെ ആശ്രിതർക്ക് അര ലക്ഷം രൂപ നൽകുന്നതിനുപുറമേ ജോലിക്ക് പോകാൻ സാധിക്കാത്തവർക്കും ശയ്യാവലംബരായവർക്കും പ്രതിമാസം 2000 രൂപയും രോഗബാധിതരായവർക്ക് പ്രതിമാസം 1000 രൂപയും അലവൻസായി നൽകു കയും രോഗബാധിത കുടുംബങ്ങൾക്ക് സൗജന്യറേഷൻ അനുവദിക്കുകയും

രോഗബാധിതർക്ക് സാന്ത്വന ചികിത്സക്ക് വിപുലമായ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ഏർപ്പെടുത്തുകയും പ്രശ്നമേഖലയിലെ ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും 22 സ്പെഷ്യാലിറ്റി ചികിത്സാ ക്യാമ്പുകൾ അനുവദിക്കാൻ തീരുമാനിക്കുകയും അതിനാവശ്യമായ തുക സർക്കാർ വഹിക്കുകയും ചെയ്യുന്നതുൾപ്പെടെ നിരവധി നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിക്കുന്നുണ്ട്. പുനരധിവാസ പാക്കേജ് നടപ്പിലാക്കാനാവശ്യമായ പണം കേന്ദ്ര സർക്കാർ അനുവദിക്കണമെന്നും കീടനാശിനി രാജ്യത്താകമാനം നിരോധിക്കണമെന്നും പ്രശ്നബാധിത മേഖലയിൽ വേണ്ട കാര്യങ്ങൾ നടപ്പിലാക്കണമെന്നുമാവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് നിവേദനം നൽകാൻ തീരുമാനിച്ചിരിക്കുകയാണ്. 100 കോടിരൂപയുടെ പാക്കേജ് നേടിയെടുക്കുന്നതിനാവശ്യമായ സർവ്വകക്ഷി നിവേദനം കേന്ദ്രത്തിന് നൽകാൻ ആവശ്യമായ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

## സബ്മിഷൻ

### (1) <u>ദമാം എയർപോർട്ടിൽ കുടുങ്ങിയ എയർ ഇൻഡ്യാ യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ</u>

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u>: ദമാമിൽ നിന്നും കഴിഞ്ഞ ഞായറാഴ്ച പുറപ്പെടേണ്ട എയർ ഇൻഡ്യയുടെ വിമാനം യഥാസമയം പുറപ്പെടാതിരുന്നതിനാൽ എയർപോർട്ടിൽ കുടുങ്ങിയ യാത്രക്കാർക്ക് അനുഭവിക്കേണ്ടിവന്ന ബുദ്ധിമുട്ടുകൾക്കും എയർ ഇൻഡ്യയുടെ ഭാഗത്തുനിന്നും ഉണ്ടാകുന്ന ഇത്തരം നിരുത്തരവാദപരമായ സമീപനങ്ങൾക്കും അറുതി വരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): പ്രസ്തുത സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ ബോംബെയിലേയും തിരുവനന്ത പുരത്തേയും എയർ ഇന്ത്യാ അധികൃതരുമായി ബന്ധപ്പെടുകയും യാത്ര ക്കാർക്ക് അടിയന്തിര സഹായമെത്തിക്കാനും വിശദവിവരം അറിയിക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. ഡൽഹിയിലെ സിവിൽ ഏവിയേഷൻ ഡയറക്ടറുടേയും സൗദിഅറേബ്യയിലെ ഇൻഡ്യൻ അംബാസിഡറുടേയും ശ്രദ്ധയിൽ പ്പെടുത്തി ഇക്കാര്യത്തിൽ അടിയന്തിര ഇടപെടൽ ഉണ്ടാക്കി യാത്രക്കാർക്ക് വേണ്ട സഹായം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിരിക്കുകയാണ്. ദമാമിൽ കുടു ങ്ങിയ യാത്രക്കാരെ നാട്ടിലെത്തിക്കാൻ പ്രത്യേക വിമാനം അയയ്ക്കണമെന്ന് ബോംബെയിലെ എയർ ഇൻഡ്യാ അധികൃതരോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 22-12-2010-ന് രാവിലെ ആറുമണിക്ക് യാത്രക്കാരെ കൊച്ചിയിലും കോഴിക്കോടും എത്തിച്ചതായി എയർ ഇൻഡ്യാ അധികൃതർ അറിയിച്ചിട്ടുണ്ട്. സംഭവത്തിൽ യാത്രക്കാരുടെ കഷ്ടപ്പാടുകൾ പരിഹരി ക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ അടിയന്തിര നടപടികൾ സ്വീകരിച്ചി ട്ടുണ്ട്.

(2) ടെക്നോപാർക്കിന്റെ മൂന്നാംഘട്ട വികസനം

ശ്രീ. എം.എ. വാഹീദ്: കഴക്കൂട്ടം ടെക്നോപാർക്കിനുവേണ്ടി ഇനി സ്ഥലമെടുക്കില്ലെന്നും ഭൂമി നഷ്ടപ്പെട്ടവർക്ക് പകരം സ്ഥലം കണ്ടെത്തുന്നതാണെന്നും നൽകിയിരുന്ന ഉറപ്പിനു വിരുദ്ധമായി ടെക്നോപാർക്കിന്റെ കിഴക്കുവശത്തുള്ള സ്ഥലംകൂടി ഏറ്റെടുക്കാനുള്ള നടപടികൾ നടന്നുവരികയാണ്. ടെക്നോസിറ്റിക്കായി അണ്ടൂർക്കോണം പഞ്ചായത്തിൽ 506 ഏക്കർ സ്ഥലമെടുപ്പ് നടന്നെങ്കിലും വെറും 80 ഏക്കർ സ്ഥലം മാത്രമാണ് കൈമാറിയിട്ടുള്ളത്. ശേഷിച്ച സ്ഥലം

ടെക്നോപാർക്കിനുവേണ്ടി ഏറ്റെടുക്കാതെ പത്ത് സെന്റ് വരെ കൈവശ മുള്ളവരുടെ ഭൂമി ഏറ്റെടുക്കുന്ന നടപടി റദ്ദാക്കണം.

മുഖ്യമന്ത്രി (ശ്രീ.വി.എസ് അച്ചുതാനന്ദൻ): തിരുവനന്തപുരം ടെക്നോ പാർക്കിന്റെ മൂന്നാംഘട്ട വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ ആറ്റിപ്ര വില്ലേജിൽപ്പെട്ട 53 ഹെക്ടർ സ്ഥലം പൊന്നുംവിലയ്ക്കെടു ക്കുന്നതിനായി 17-10-2003-ൽ ഉത്തരവായിരുന്നു. ഇതിൽ 9.64 ഹെക്ടർ വസ്തുക്കളുടെ ഏറ്റെടുക്കൽ നടപടികൾ യഥാസമയം പൂർത്തിയാ ക്കാത്തതിനാൽ അസാധുവായി. ടെക്നോപാർക്ക് ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ ആവശ്യപ്പെട്ടതനുസരിച്ച് മേൽ വസ്തുക്കളിൽപ്പെട്ട 1.87 ഹെക്ടർ സ്ഥലം ഏറ്റെടുക്കൽ നടപടികളിൽനിന്ന് ഒഴിവാക്കിക്കൊണ്ട് ശേഷിച്ച 7.78 ഹെക്ടർ സ്ഥലം ഈ ആവശ്യത്തിനായി ഏറ്റെടുക്കുവാൻ 1-7-2009-ൽ ഉത്തരവായി. പ്രസ്തുത സ്ഥലം ടെക്നോപാർക്കിന്റെ ഭാവി വികസനത്തിനായി ആവശ്യമുള്ളതിനാൽ ഏറ്റെടുക്കലിൽനിന്നും ഒഴിവാക്കാൻ സാധ്യമല്ല.

(3) ശബരിമല തീർത്ഥാടകരോട് പോലീസ് അപമര്യാദയായി പെരുമാറിയ സംഭവം

ശ്രീ. ജോസഫ് എം. പുതുശ്ശേരി: ശബരിമല തീർത്ഥാടകരോട് അപമര്യാദയായി പെരുമാറിയ പോലീസുകാർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ശബരിമലയിൽ അനിയന്ത്രിതമായ

തിരക്കുണ്ടാകുന്ന സന്ദർഭങ്ങളിൽ തിക്കിലും തിരക്കിലുംപെട്ട് അയ്യപ്പഭക്തർക്ക് പരിക്കേൽക്കാതിരിക്കാനാവശ്യമായ ക്രമീകരണങ്ങൾ പോലീസ് നടത്തുന്നുണ്ട്. എന്നാൽ 20-12-2010-ൽ സന്നിധാനത്തിൽ ക്യൂ നിന്നവരുടെ തിരക്ക് പോലീസ് നിയന്ത്രിക്കുന്നതിനിടയിൽ ഒരു ഭക്തന്റെ പൂണൂൽ പൊട്ടിപ്പോയ സംഭവത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് പത്തനംതിട്ട ജില്ലാ പോലീസ് സൂപ്രണ്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആരോപണവിധേയരായ പോലീസുകാരെ തൽക്കാലം ഡ്യൂട്ടിയിൽ നിന്ന് മാറ്റിയിട്ടുണ്ട്. വിശദമായ അന്വേഷണത്തിൽ കുറ്റം ചെയ്തതായി കണ്ടെത്തിയാൽ അവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. ഭക്തജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിൽ തിരക്ക് നിയന്ത്രിക്കുന്നതിനുള്ള എല്ലാ ക്രമീകരണങ്ങളും ഉണ്ടാക്കുന്നതാണ്.

(4) ഗൺ ലൈസൻസ്

ശ്രീ. കെ. വി. കുഞ്ഞിരാമൻ: കാസർകോഡ് ജില്ലയിലെ വനമേഖലയിലെ കർഷക കുടുംബങ്ങൾക്ക് വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ നിന്നുള്ള സ്വരക്ഷയ്ക്കായി നൽകിയിരുന്നതും ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് സറണ്ടർ ചെയ്തതുമായ തോക്കുകൾ തിരിച്ചുനൽകാനും അവയുടെ ലൈസൻസ് പുതുക്കി നൽകാനുമുള്ള അടിയന്തിര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): നിലവിലുള്ള നോംസ് അനുസരിച്ച് ഫോറസ്റ്റ്, പോലീസ്, റവന്യൂ എന്നീ ഡിപ്പാർട്ടുമെന്റുകളുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്കാണ് ജില്ലാ ഭരണകൂടം തോക്കിന്റെ ലൈസൻസ്

പുതുക്കിക്കൊടുക്കുന്നത്. കാസർകോഡ് ജില്ലയിൽ 1023 പേർക്കാണ് തോക്കിനുള്ള ലൈസൻസുള്ളത്. അതിൽ പുതുക്കുവാൻ ലഭിച്ച 316 അപേക്ഷകളിൽ 24 എണ്ണത്തിന് ഇതിനോടകം ശുപാർശ നൽകിയിട്ടുണ്ട്; 108 അപേക്ഷകൾ അന്വേഷണാവസ്ഥയിലാണ്. അർഹതയില്ലാത്ത 112 അപേക്ഷകൾ നിരസിച്ചു. ഇതു സംബന്ധിച്ച് ക്രമക്കേടുകൾ ഉണ്ടെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്.

(5) <u>സ്പെഷ്യൽ റൂൾസ് പ്രകാരം നിയമനങ്ങൾ നടത്താൻ നടപടി</u>

<u>ശ്രീ. എം. മുരളി:</u> 2001-ലെ സ്പെഷ്യൽ റൂൾസ് അനുസരിച്ചുള്ള യോഗ്യതയും മാനദണ്ഡങ്ങളും മറികടന്ന് സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ തസ്തിക മാറ്റംവഴി നടത്തിയ അദ്ധ്യാപക നിയമനം സംബന്ധിച്ച് അന്വേഷണം നടത്തി ക്രമവിരുദ്ധമായ നിയമനം റദ്ദാക്കുകയും കുറ്റക്കാർക്കെതിര നടപടി സ്വീകരിക്കുകയും ചെയ്യണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ. ബേബി)</u>: 2001-ലെ സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്നതിനുമുമ്പ് അതതു കാലത്തെ സർക്കാരിന്റെ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ തസ്തിക മാറ്റംവഴി നടത്തിയ ഹയർ സെക്കണ്ടറി സ്ക്കൂൾ അദ്ധ്യാപക നിയമന ഉത്തരവ് സുപ്രീംകോടതി സാധൂകരിച്ചുനൽകിയിട്ടുണ്ട്. 1:3 എന്ന അനുപാതം പാലിച്ചുകൊണ്ടാണ് സ്പെഷ്യൽ റൂൾസ് നിലവിൽ വന്നതിനുശേഷം ഹയർ സെക്കണ്ടറി സ്ക്കൂൾ ജൂനിയർ അദ്ധ്യാപകരെ തസ്തിക മാറ്റം വഴിയും പി.എസ്.സി. മുഖേനയും നിയമിച്ചുവരുന്നത്. ഇതിൽ കൃത്യത പാലിക്കാൻ ഹയർ സെക്കണ്ടറി ഡിപ്പാർട്ടുമെന്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ക്രമവിരുദ്ധമായി എന്തെങ്കിലും നടന്നതായി കൃത്യമായ വിവരം നൽകുകയാണെങ്കിൽ അന്വേഷിച്ച് കർശന നടപടി സ്വീകരിക്കുന്നതാണ്.

(6) ഗ്രൂപ്പ് 'സി' ഡൈവേർഷൻ ആനുകൂല്യം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: 1968 മുതൽ ഭാഷാദ്ധ്യാപക തസ്തികകൾക്ക് അനുവദിച്ച ഗ്രൂപ്പ് 'സി' ഡൈവേർഷൻ ആനുകൂല്യം 04-11-2010-ലെ ഉത്തരവിലൂടെ റദ്ദാക്കിയിരിക്കുകയാണ്. പരീക്ഷാ കമ്മീഷണർ വർഷങ്ങളായി നടത്തിയിരുന്ന അറബി, ഉറുദു, സംസ്കൃതം ഭാഷാദ്ധ്യാപക പരീക്ഷയിൽ ന്യൂനതകളുണ്ടെങ്കിൽ പരിഹരിക്കുന്നതിനുപകരം അത് റദ്ദാക്കുകയും പുതുതായി അനുവദിച്ച 178 ഹയർ സെക്കണ്ടറി സ്കൂളുകളിൽ നേരത്തെയുണ്ടായിരുന്ന നാല് ഭാഷകൾക്കുപകരം രണ്ട് ഭാഷ മാത്രമേ ആകാവൂ എന്ന് നിഷ്ക്കർഷിച്ചിരിക്കുകയുമാണ്. ഗ്രൂപ്പ് 'സി' ഡൈവേർഷൻ ആനുകൂല്യം പുന:സ്ഥാപിക്കുന്നതിനുള്ള നടപടി കൈക്കൊളളണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): കെ.ഇ.ആർ. വ്യവസ്ഥകൾ പ്രകാരം കുട്ടികൾ പ്രാദേശിക ഭാഷകൾ പഠിക്കേണ്ടതുണ്ട്. ഇതിനെ പാർട്ട്-I, പാർട്ട്-II എന്നിങ്ങനെ വിഭജിച്ചിട്ടുണ്ട്. പാർട്ട്-II ആയി മലയാളം സെക്കന്റ് എന്ന വിഷയം പഠിപ്പിക്കുന്നതിന് ആഴ്ചയിൽ രണ്ട് പീരിയഡുകളാണുളളത്. പാർട്ട്-I ആയി മലയാളം, അറബിക്, ഉറുദു, സംസ്കൃതം, ഫ്രഞ്ച് തുടങ്ങിയ ഭാഷകൾ പഠിപ്പിക്കുന്നതിന് ആഴ്ചയിൽ നാല് പീരിയഡുകളാണുളളത്. മലയാളം അദ്ധ്യാപകർ ടി.ടി.സി., ബി.എഡ് യോഗ്യതയുളളവരും ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം,

ഇംഗ്ലീഷ് എന്നീ വിഷയങ്ങൾകൂടി പഠിപ്പിക്കേണ്ടവരുമായതിനാൽ ഇവർ ഫുൾ ടൈം അദ്ധ്യാപകരും മറ്റുള്ള ഭാഷകൾ കൈകാര്യം ചെയ്യുന്നവർ പാർട്ട് ടൈം അദ്ധ്യാപകരുമാകാൻ സാദ്ധ്യതയുണ്ട്. ഗ്രൂപ്പ് 'സി' വിഷയങ്ങളായ കലാ-കായിക-തൊഴിൽ വിദ്യാഭ്യാസത്തിനുള്ള പീരിയഡുകൾകൂടി പരിഗണിച്ച് ഇവരെ ഫുൾ ടൈം അദ്ധ്യാപകരാക്കി ഡൈവേർഷൻ നടത്തിയാൽ പ്രസ്തുത സ്കൂളുകളിൽ കലാ-കായിക-തൊഴിൽ വിദ്യാഭ്യാസത്തിന് അദ്ധ്യാപകരെ നിയമിക്കാൻ കഴിയുകയില്ല. അതുകൊണ്ട് വിദ്യാഭ്യാസ അവകാശ നിയമപ്രകാരം ഗ്രൂപ്പ് 'സി' ഡൈവേർഷന് സാദ്ധ്യതയില്ലെങ്കിലും 2010-11 അദ്ധ്യയന വർഷംവരെ നിലവിലുള്ള വ്യവസ്ഥ തുടരാൻ ഗവൺമെന്റ് തീരുമാനിക്കുകയും ഇതുസംബന്ധിച്ച് 04-10-2010-ൽ ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ സർവ്വീസിലുള്ള ഫുൾ ടൈം അദ്ധ്യാപകർക്ക് യാതൊരുവിധത്തിലുള്ള ബുദ്ധിമുട്ടും ഈ ഉത്തരവുവഴി ഉണ്ടാകുകയില്ല.

## (7) മമ്പാട്, തുവൂർ പഞ്ചായത്തുകളിലെ റോഡുകൾ ഗതാഗതയോഗ്യമാക്കാൻ നടപടി

ശ്രീ. എ.പി. അനിൽ കുമാർ: വണ്ടൂർ നിയോജകമണ്ഡലത്തിലെ മമ്പാട്, തുവൂർ പഞ്ചായത്തുകളിൽപ്പെട്ട പുള്ളിപ്പാടം-ഓടായിക്കൽ റോഡും അരിമണൽ-നീലാഞ്ചേരി റോഡും ഗതാഗതയോഗ്യമല്ലാതായിത്തീർന്നിരിക്കുകയാണ്. മുമ്പ് പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത ഈ രണ്ട് റോഡുകളും ഇന്ന് പി.ഡബ്ല്യു.ഡി. ലിസ്റ്റിലോ ത്രിതല പഞ്ചായത്തുകളുടെ ലിസ്റ്റിലോ ഇല്ല. എത്രയും പെട്ടെന്ന് ഈ രണ്ട് റോഡുകളും ഗതാഗതയോഗ്യമാക്കിത്തീർക്കുന്നതിന് നടപടി സ്വീകരിക്കണം.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ.എം.വിജയകുമാർ):വണ്ടൂർ നിയോജകമണ്ഡലത്തിൽപ്പെട്ട മമ്പാട് പഞ്ചായത്തിലെ മുണ്ടേങ്കര-പുള്ളിപ്പാടം-ഓടായിക്കൽ റോഡും തുവ്വൂർ പഞ്ചായത്തിലെ തുവ്വൂർ-നീലാഞ്ചേരി-അരിമണൽ റോഡും 14–08–2009–ലെ സർക്കാർ ഉത്തരവുപ്രകാരം പൊതുമരാമത്ത് വകുപ്പിൽ നിലനിർത്താൻ ഉത്തരവായ മേജർ ഡിസ്ട്രിക്ട് റോഡുകളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെങ്കിലും മമ്പാട് പഞ്ചായത്തിലെ മുണ്ടേങ്കര-പുള്ളിപ്പാടം റോഡിന് 250 ലക്ഷം രൂപയുടേയും തുവ്വൂർ-നീലാഞ്ചേരി റോഡിന് 300 ലക്ഷം രൂപയുടേയും എസ്റ്റിമേറ്റുകൾ ചീഫ് എഞ്ചിനീയർ ഭരണാനുമതിക്കായി സമർപ്പിക്കുകയും പ്രസ്തുത പ്രവൃത്തികൾക്ക് ബഡ്ജറ്റ് പ്രൊവിഷനില്ലാത്തതിനാൽ ഭരണാനുമതി നൽകിയിട്ടില്ലാത്തതുമാണ്. പ്രസ്തുത റോഡുകൾ ഒ.ഡി.ആർ.-കളുടെ അപ്ഗ്രഡേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കാനാവശ്യമായ തുക അനുവദിക്കുന്നതാണ്.

(8) സ്ഥലമെടുപ്പ് നടപടികൾ

ശ്രീ. എം. എം. മോനായി: കൊച്ചി-മധുര ദേശീയപാതയുടെ തൃപ്പൂണിത്തുറ ബൈപ്പാസ്സിനായി തിരുവാണിയൂർ ഗ്രാമപഞ്ചായത്തിലെ മറ്റക്കുഴി മുതൽ തിരുവാങ്കുളം വരെയുള്ള ഭാഗത്തെ ഭൂമി ഏറ്റെടുക്കുന്നതിനായി സർവേ നടപടികൾ പൂർത്തീകരിച്ചുവെങ്കിലും ഫണ്ടില്ല എന്ന കാരണത്താൽ ഏറ്റെടുക്കൽ നടപടി മുന്നോട്ടുപോകാതെ വരികയും സ്ഥലം ഉടമകൾക്ക് ഭൂമി ക്രയവിക്രയം നടത്താനോ നിർമ്മാണ പ്രവർത്തനം നടത്താനോ കഴിയാത്ത അവസ്ഥ സംജാതമായിരിക്കുകയുമാണ്. പ്രസ്തുത

ബൈപ്പാസ്സിന്റെ സ്ഥലമെടുപ്പ് നടപടികൾ ആറുമാസത്തിനകം പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കൊച്ചി-മധുര ദേശീയപാതയുടെ തൃപ്പൂണിത്തുറ ബൈപ്പാസ് റോഡിനുവേണ്ടി മറ്റക്കുഴി മുതൽ തിരുവാങ്കുളം വരെയുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് 6-2-2004-ൽ 657 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകുകയും സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കി ഭൂ ഉടമകൾക്ക് 604 ലക്ഷം രൂപ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ആദ്യ എസ്റ്റിമേറ്റിലെ ബേസിക് വാല്യുവേഷൻ റിപ്പോർട്ട് തയ്യാറാക്കുന്നതിൽ വീഴ്ച വന്നതിനാൽ 17.275 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. അത് ലഭ്യമാകുന്ന മുറയ്ക്ക് ഭൂ ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതും സ്ഥലം ഏറ്റെടുക്കൽ നടപടി പുനരാരംഭിക്കുന്നതുമാണ്.

(9) പുതിയ ഭരണസമിതി അധികാരമേറ്റെടുക്കുന്നതിന് മുമ്പ് പുണ്യാഹം നടത്തിയ സംഭവം

ശ്രീ. എൻ. രാജൻ: തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ പഞ്ചായത്തിലും പത്തനംതിട്ട ജില്ലയിലെ ഏനാദിമംഗലം പഞ്ചായത്തിലും പുതിയ ഭരണസമിതി അധികാരമേറ്റെടുക്കുന്നതിനുമുമ്പ് ഉദ്യോഗസ്ഥരുടേയും തദ്ദേശീയരുടേയും പോലീസിന്റേയും സാന്നിദ്ധ്യത്തിൽ പുണ്യാഹം നടത്തിയത് ഗുരുതരമായ ക്രിമിനൽ കുറ്റമാണ്. ഇക്കാര്യത്തെക്കുറിച്ച് ശക്തമായ അന്വേഷണം നടത്തണം.

(10) ഏനാദിമംഗലം പഞ്ചായത്ത് ഓാഫീസർ പുണ്യാഹം നടത്തിയ സംഭവം

(ഈ വിഷയം സംബന്ധിച്ച് ശ്രീ. ബി. രാഘവനും നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീ. രാജു എബ്രഹാം: ഏനാദിമംഗലം പഞ്ചായത്തിൽ മുമ്പ് പ്രസിഡന്റായിരുന്നത് രണ്ട് ദളിത് വിഭാഗക്കാരായിരുന്നു. നവംബർ 8-ാം തീയതി പുതിയ പ്രസിഡന്റ് അധികാരം ഏറ്റെടുത്തതിനുശേഷം വട്ടക്കാല കവലയിൽ നിന്ന് പുണ്യാഹം കൊണ്ടുവന്ന് ദളിത് പ്രസ്ഡന്റുമാർ ഇരുന്ന കസേരയിലും മേശയിലും കുളിമുറിയിലും പുണ്യാഹം തളിക്കുകയും അവർ ഇരുന്ന കസേരയും മേശയും മാറ്റിത്തരാൻ പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെടുകയും ചെയ്തു. അവ മാറ്റിയതിനുശേഷമാണ് പുതിയ പഞ്ചായത്ത് പ്രസിഡന്റ് അദ്ദേഹത്തിന്റെ മുറിയിൽ കയറുകയും കസേരയിൽ ഇരിക്കുകയും ചെയ്തത്. ഇക്കാര്യത്തിൽ പഞ്ചായത്ത് പ്രസിഡന്റിനെതിരെ എഫ്.ഐ.ആർ. എടുക്കുകയും ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിനോടനുബന്ധിച്ചുള്ള ഭരണമാറ്റത്തെത്തുടർന്ന് പുതിയ പഞ്ചായത്ത് പ്രസിഡന്റുമാർ സ്ഥാനം ഏറ്റെടുക്കുന്നതിനു മുമ്പായി പുണ്യാഹം നടത്തി എന്ന വാർത്ത അസ്വസ്ഥതയുണ്ടാക്കുന്നതാണ്. ഈ സംഭവം ഗൗരവമായി പരിഗണിക്കുന്നതും അന്വേഷിച്ച് നടപടികൾ സ്വീകരിക്കുന്നതുമാണ്.

(11) കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന്റെ വികസനം

ശ്രീ. സി.കെ.പി. പത്മനാഭൻ: തളിപ്പറമ്പ് മണ്ഡലത്തിൽ പ്രവർത്തിക്കുന്ന കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന്റെ വികസ

നവുമായി ബന്ധപ്പെട്ട് ടെക്സ്റ്റൈൽ ടെക്നോളജി, കമ്പ്യൂട്ടർ സയൻസ് കമ്മ്യൂണിറ്റി ആഡിറ്റോറിയം, ക്വാർട്ടേഴ്സ് തുടങ്ങിയവയ്ക്ക് അംഗീകാരം കിട്ടിയെങ്കിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നിരുത്തരവാദപരമായ പ്രവർത്തനങ്ങൾ കൊണ്ട് തുടർനടപടികൾ ഉണ്ടായില്ല. അവിടത്തെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിന് അടിയന്തിര നടപടിയുണ്ടാകണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ മെക്കാനിക്കൽ, ഇലക്ട്രിക്കൽ വിഷയങ്ങളിൽ എം.ടെക് കോഴ്സ് തുടങ്ങുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്. ടെക്സ്റ്റൈൽ ടെക്നോളജിയിൽ എം.ടെക് കോഴ്സ് തുടങ്ങുന്നതിന് എ.ഐ.സി.ടി. യുടെ അനുമതി ലഭിച്ചിട്ടില്ല. ഈ വർഷം ബി.ടെക് കോഴ്സിന് അനുമതി ലഭിച്ചിട്ടുണ്ട്. ബി.ടെക് കമ്പ്യൂട്ടർ സയൻസ് കോഴ്സുകളുടെ സീറ്റ് അടുത്തവർഷം 60 ആയി ഉയർത്തുന്നതാണ്. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിക്കുന്നതിന് 138 ലക്ഷം രൂപയുടേയും ആഡിറ്റോറിയം നിർമ്മിക്കുന്നതിന് 2 കോടി 35 ലക്ഷം രൂപയുടേയും ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ തുക അപര്യാപ്തമാണെന്ന് പി.ഡബ്ല്യു.ഡി. അറിയിച്ചതിനാൽ പ്ലാനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പണി പൂർത്തിയാക്കുന്നതിന് പ്രിൻസിപ്പാളിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(12) താലോലം പദ്ധതിപ്രകാരമുള്ള ധനസഹായം

ശ്രീമതി കെ.കെ. ലതിക: സംസ്ഥാനത്തിന് പുറത്തുള്ള ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യുന്ന കുട്ടികൾക്കുകൂടി 'താലോലം പദ്ധതി'യുടെ പ്രയോജനം ലഭിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): 'താലോലം പദ്ധതി' പ്രകാരം സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള 16 അംഗീകൃത ആശുപത്രികളിൽക്കൂടി മാരക രോഗം ബാധിച്ച 18 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിൽസ ലഭ്യമാക്കിവരുന്നു. സംസ്ഥാനത്തിന് പുറത്തുള്ള ആശുപത്രികളേയും സംസ്ഥാനത്തിനകത്തെ സ്വകാര്യ ആശുപത്രികളേയും ഈ സ്കീമിൽ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടില്ല.

(13) മൽസ്യബന്ധനത്തിനിടെ ഉണ്ടായ അപകടമരണം

ശ്രീ. ബി. ബാബു പ്രസാദ്: 19-12-2010-ന് പുലർച്ചെ കൊല്ലം നീണ്ടകര കടപ്പുറത്തുനിന്നും 65 നോട്ടിക്കൽ മൈൽ അകലെ മൽസ്യബന്ധനത്തിനു പോയ ഫിഷിംഗ് ബോട്ടിൽ കപ്പൽ ഇടിച്ച് കാണാതായ ഹരിപ്പാട് വലിയഴീക്കൽ രമേശൻ, പണിക്കശ്ശേരിൽ സാബു എന്ന കുട്ടൻ എന്നിവരുടെ കുടുംബത്തിന് പത്തുലക്ഷം രൂപ വീതവും പരിക്കേറ്റ് ചികിൽസയിൽ കഴിയുന്നവർക്ക് ഉചിതമായ നഷ്ടപരിഹാരവും നൽകാൻ നടപടിയുണ്ടാകണം. മാസങ്ങൾക്കുമുമ്പ് കൊല്ലം വാടി കടപ്പുറത്ത് ബോട്ട് തകർന്ന് മരണമടഞ്ഞ ആറാട്ടുപുഴ പഞ്ചായത്തിലെ നാലുപേരുടെ കുടുംബങ്ങൾക്കും ആവശ്യമായ ധനസഹായം നൽകണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ് ശർമ്മ): 19-12-2010-ന് പുലർച്ചെ 4.30-ന് നീണ്ടകര തുറമുഖത്തുനിന്നും ഉദ്ദേശം 65 നോട്ടിക്കൽ മൈൽ അകലെ മൽസ്യബന്ധനത്തിനുപോയ ബോട്ടിൽ കപ്പൽ ഇടിച്ച് ആലപ്പുഴ ആറാട്ടുപുഴ പഞ്ചായത്തിൽ വലിയഴീക്കൽ പണിക്കശ്ശേരി വീട്ടിൽ സാബു, സാദുപുരത്തു വീട്ടിൽ രമേശൻ എന്നിവരെ കടലിൽ കാണാ

തായി. പരിക്കുകളോടെ രക്ഷപ്പെട്ടവരെ കൊല്ലം ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയുണ്ടായി. കാണാതായ രണ്ട് മൽസ്യത്തൊഴിലാളികളുടെ കുടുംബത്തിന് ഓരോ ലക്ഷം രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പരിക്കേറ്റവർക്ക് പ്രാഥമിക ചികിത്സാസഹായം അനുവദിച്ചിട്ടുണ്ട്.

(14) ശാന്തിക്കാരുടെ സേവന-വേതന പരിഷ്ക്കരണം

ശ്രീമതി പി. അയിഷാപോറ്റി: തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകളിലെ ശാന്തിക്കാരുടെ സേവന-വേതനവ്യവസ്ഥകൾ പരിഷ്ക്കരിക്കാനും അവരുടെ ഗ്രേഡ് ഉയർത്താനും നടപടി സ്വീകരിക്കണം

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ജോലി ചെയ്യുന്ന ശാന്തിക്കാരുടെ വേതനം പരിഷ്ക്കരിക്കണമെന്നും അവരുടെ ഗ്രേഡ് ഉയർത്തണമെന്നുമുള്ള ആവശ്യങ്ങൾ ദേവസ്വം ബോർഡിന്റെ പരിശോധനയിലാണ്. ഫുൾടൈം ശാന്തിക്കാർക്ക് ഇതര ജീവനക്കാരുടേതുപോലെയുള്ള ഗ്രേഡും ശാന്തിക്കാർക്ക് മാത്രമായി വർഷാവർഷം വസ്ത്ര അലവൻസും തിരുവിതാംകൂർ ദേവസ്വംബോർഡ് നൽകുന്നുണ്ട്. ശാന്തിക്കാരുടെ ജീവിതസാഹചര്യങ്ങൾ പ്രത്യേകം കണക്കിലെടുത്തുകൊണ്ട് ഗവൺമെന്റ് ഉദാരമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## റിപ്പോർട്ട് സമർപ്പണം

(1) 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും സമർപ്പിക്കപ്പെട്ടു.

(2) 2010-ലെ കേരള ആരോഗ്യത്തിനും അനുബന്ധ ശാസ്ത്രങ്ങൾക്കും ഉള്ള സർവ്വകലാശാല ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും സമർപ്പിക്കപ്പെട്ടു.

(3) 2010-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും സമർപ്പിക്കപ്പെട്ടു.

(4) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ പത്താമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ധനകാര്യം**

2010-2011 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വച്ചു.

**ക്രമപ്രശ്നം**

<u>ഡിലേ സ്റ്റേറ്റ്മെന്റ്</u>

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : റൂൾ 47 അനുസരിച്ച് ചോദ്യങ്ങൾക്കുള്ള ഉത്തരം 15 ദിവസത്തിനകം നൽകിയില്ലെങ്കിൽ എന്തുകൊണ്ട് ഉത്തരം നൽകാൻ സാധിച്ചില്ല എന്നതിനെ സംബന്ധിച്ച് അതാതു മന്ത്രിമാർ ഒരു സ്റ്റേറ്റ്മെന്റ് ആ സഭാസമ്മേളനത്തിലോ അല്ലെങ്കിൽ അടുത്ത സഭാസമ്മേളന ത്തിലോ സമർപ്പിക്കണം. എന്നാൽ പതിനഞ്ചാം സമ്മേളനത്തിലെ 253 ചോദ്യങ്ങൾക്കുള്ള ഉത്തരം നൽകിയില്ലെന്നുമാത്രമല്ല ഇന്നുവരെ ഒരു മന്ത്രിപോലും അത് സംബന്ധിച്ച സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവച്ചിട്ടില്ല.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : ഇത് കർശനമായി നടപ്പാക്കേണ്ട കാര്യമാണ്. ഭാവിയിൽ ഇത്തരം കാര്യങ്ങളിൽ ജാഗ്രതയോടുകൂടി പ്രവർത്തിക്കുന്നതാണ്. ഈ വിഷയത്തിന്മേൽ ചെയർ എടുക്കുന്ന ഏത് തീരുമാനത്തോടും യോജിക്കുന്നു.

## റൂളിംഗ്

മി. സ്പീക്കർ : നിയമസഭാ ചട്ടമനുസരിച്ച് നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി 15 ദിവസത്തിനകം നൽകാൻ കഴിയുന്നില്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം കാണിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ബന്ധപ്പെട്ട മന്ത്രിമാർ സഭയുടെ മേശപ്പുറത്തു വയ്ക്കേണ്ടതാണ്. നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭിക്കുന്നില്ലെന്നുള്ള നിരന്തരമായ പരാതിയെത്തുടർന്നാണ് നിയമസഭാ ചട്ട പരിഷ്ക്കരണ സമിതിയുടെ ശുപാർശപ്രകാരം പുതുതായി ഈ വ്യവസ്ഥ ചേർത്തത്. ഈ വ്യവസ്ഥ കർശനമായി പാലിക്കേണ്ടതാണ്. ഇത് പാലിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്താൻ ബന്ധപ്പെട്ട മന്ത്രിമാരും വകുപ്പുകളും നിയമസഭാ സെക്രട്ടേറിയറ്റും ശ്രദ്ധിക്കേണ്ടതാണ്.

## നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(1) 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബിൽ

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര

നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : ഇന്ത്യയിൽ സാംസ്കാരികരംഗത്ത് ശ്രദ്ധേയമായ സംഭാവനകൾ നൽകുന്ന സംസ്ഥാനമെന്ന നിലയ്ക്ക് കേരളത്തിൽ എന്നും ഓർമ്മിക്കപ്പെടുന്ന ഒരു നിയമനിർമ്മാണമാണിത്. സാംസ്കാരിക വളർച്ചയ്ക്കുവേണ്ടി അമൂല്യമായ സംഭാവനകൾ അർപ്പിക്കുന്ന അതിപ്രഗൽഭരായ പല കലാകാരൻമാരും അവരുടെ ജീവിതത്തിന്റെ അവസാനനാളുകളിൽ നിരാലംബരായി കഴിയേണ്ടിവരുന്ന അനുഭവമാണ് കാണാൻ കഴിയുന്നത്. ഇതൊരു സ്വകാര്യ ബിൽ എന്ന നിലയിൽ പല അംഗങ്ങളും സഭയിൽ അവതരിപ്പിച്ചിട്ടുള്ളതും ചർച്ച ചെയ്തിട്ടുള്ളതുമാണ്. ഈ ബിൽ സഭ ഒരേ വികാരത്തോടെ അംഗീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് : I move that – “This House resolves to disapprove The Kerala Cultural Activists Welfare Fund Ordinance, 2010 (Ordinance No. 55 of 2010) ". വളരെ പ്രധാനപ്പെട്ട ഒരു ബില്ലാണിത്.

നിരവധി കലാകാരന്മാർ നിരാശ്രയരായി നിത്യവൃത്തിക്കുപോലും വകയില്ലാതെ ജീവിതത്തിന്റെ അവസാനഘട്ടം തള്ളിനീക്കുകയാണ്. സിനിമാരംഗവുമായി ബന്ധപ്പെട്ട മുഴുവൻ കലാകാരന്മാരേയും ഈ ക്ഷേമനിധി ബില്ലിന്റെ പരിധിയിൽ കൊണ്ടുവരണം. ഡയറക്ടർ ബോർഡിൽ സിനിമാ രംഗത്തുനിന്നുള്ളവർക്കുപുറമെ ക്ഷത്ര കലാകാരന്മാർ, വാദ്യകലാ കാരന്മാർ, നാടക-കഥാപ്രസംഗ കലാകാരന്മാർ തുടങ്ങിയവർക്കും മുന്തിയ പരിഗണന നൽകണം. ഗ്രന്ഥശാലാ സംഘത്തിന്റെ ഒരു പ്രതിനിധിയെക്കൂടി ഡയറക്ടർ ബോർഡിൽ ഉൾപ്പെടുത്തണം. സംസ്ഥാനത്ത് നടത്തിവരുന്ന ഇന്റർനാഷണൽ ഡ്രാമ ഫെസ്റ്റിവൽ സാംസ്ക്കാരിക വകുപ്പിന്റെ ഇടപെ ടലുകൾകൊണ്ട് ശ്രദ്ധേയമാണ്. കേരളത്തിലെ നാടകരംഗത്തുണ്ടായിക്കൊ ണ്ടിരിക്കുന്ന പ്രതിസന്ധി പരിഹരിക്കാൻ സാധിക്കണം. കൂടുതൽ പ്രതിഫലം വാങ്ങുന്ന കലാകാരന്മാരിൽ നിന്നും കൂടുതൽ തുക അംശദായമായി ക്ഷേമ നിധിയിലേയ്ക്ക് സമാഹരിക്കണം. കലാംശമില്ലാത്ത കലാപ്രകടനങ്ങൾക്ക് നിയന്ത്രണം കൊണ്ടുവരണം. വിവിധ മേഖലയിലെ കലാകാരന്മാർക്കുകൂടി ക്ഷേമനിധി ആനുകൂല്യം ലഭിക്കാനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. സി.പി.മുഹമ്മദ്:</u> നാടകം, സംഗീതം ഉൾപ്പെടെ വിവിധ സാംസ്ക്കാ രിക മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് ക്ഷേമനിധി രൂപീകരിക്കുന്ന നടപടി സ്വാഗതാർഹമാണ്. അവശതയിലും ദാരിദ്ര്യത്തിലും കഴിയുന്ന കലാകാരന്മാരെ സഹായിക്കേണ്ടത് ഭരണകൂടത്തിന്റെ ചുമതലയാണ്. സിനിമാരംഗത്ത് നിലനിൽക്കുന്ന പലതരത്തിലുള്ള വിവേചനങ്ങൾ ഒഴിവാ ക്കാൻ നടപടി സ്വീകരിക്കണം. ഗ്രന്ഥശാലാ പ്രസ്ഥാനവുമായി ബന്ധപ്പെട്ട പ്രവർത്തകരെ ബില്ലിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയത് പുന:പരിശോധി ക്കണം. മിമിക്രി കലാകാരന്മാരെക്കൂടി ഇതിൽ ഉൾപ്പെടുത്താൻ കഴിയണം.

ക്ഷേമനിധിയിലേയ്ക്കുള്ള സർക്കാർ വിഹിതം വർദ്ധിപ്പിക്കണം. ഡയറക്ടർ ബോർഡിൽ സിനിമാരംഗത്ത് നിന്നുള്ള ആറ് പ്രതിനിധികൾ എന്നുള്ളത് ചുരുക്കേണ്ടതാണ്.

ശ്രീ കെ.വി. കുഞ്ഞിരാമൻ: 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 25-2-2011 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇൻഡ്യയുടേയും ലോകത്തിന്റേയും ചരിത്രത്തിൽ ആദ്യമായി കലാകാരന്മാർക്ക് ക്ഷേമനിധി രൂപീകരിച്ച ഈ സർക്കാരിന്റെ സംരംഭത്തെ സ്വാഗതം ചെയ്യുന്നു. വിവിധ കലാരൂപങ്ങളുടെ പിന്നിൽ ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്നവരെ സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും അവരെ സംരക്ഷിക്കുന്നതിനും സഹായിക്കുന്നതിനും കേരളത്തിലെ പ്രധാനപ്പെട്ട നാല് അക്കാദമികളുടെ പൂർണ്ണമായ പിന്തുണയോടും സഹായത്തോടും വിപുലമായ കാഴ്ചപ്പാടോടുംകൂടി ക്ഷേമനിധി രൂപീകരിക്കുന്നത് അഭിനന്ദനാർഹമാണ്. സാംസ്ക്കാരിക മേഖലയെ ശക്തിപ്പെടുത്താൻ സർക്കാർ സ്വീകരിച്ച നടപടികൾ ശ്ലാഘനീയമാണ്. കലാകാരന്മാർക്ക് ആശ്വാസവും സംതൃപ്തിയും നൽകുന്ന തരത്തിൽ ബില്ലിലെ വകുപ്പുകളിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ നടപടി സ്വീകരിക്കണം.

ശ്രീ. വർക്കല കഹാറിനുവേണ്ടി ശ്രീ. ടി.എൻ. പ്രതാപൻ: 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിലെ വിവിധ കലാകാരന്മാരേയും സാംസ്ക്കാരിക പ്രവർത്തകരേയും ഗ്രന്ഥശാലാരംഗത്ത് പ്രവർത്തിക്കുന്നവരേയും സംബന്ധിച്ചിടത്തോളം

വളരെയേറെ പ്രാധാന്യമർഹിക്കുന്ന ഒരു ബില്ലാണിത്. കലാകാരന്മാർക്ക് പ്രയോജനമുണ്ടാകത്തക്ക നിലയിൽ ക്ഷേമനിധി നടപ്പിലാക്കേണ്ടതാണ്.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ എം.എ. ബേബി). ചർച്ചയിൽ ഉന്നയിച്ച കാര്യങ്ങളെല്ലാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനാവേളയിൽ ഗൗരവമായി കണക്കിലെടുക്കുന്നതാണ്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണപ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

2010-ലെ കേരള സാംസ്ക്കാരിക പ്രവർത്തക ക്ഷേമനിധി ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണ നയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(2) 2010-ലെ കേരള മത്സ്യബന്ധനത്തിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ബിൽ

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): 2010-ലെ കേരള മത്സ്യബന്ധനത്തിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചു കൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരി ച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): 2010-ലെ കേരള മത്സ്യബന്ധനത്തിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

Shri. Aryadan Muhammed: I move that -

"This House resolves to disapprove The Kerala University of Fisheries and Ocean Studies Ordinance, 2010 (Ordinance No.56 of 2010). ഒരു ബിൽ അവതരിപ്പിക്കുമ്പോൾ മൂന്ന് ക്ലിയർ ഡേയ്സ് വേണമെന്ന നിബന്ധന പാലിക്കാതെയാണ് ഈ ബിൽ സർക്കുലേറ്റ് ചെയ്തത്. ഈ ബിൽ അവതരിപ്പിക്കുന്നത് മലയാളത്തിലാണോ ഇംഗ്ലീഷിലാണോയെന്ന് വ്യക്തമാക്കിയിട്ടില്ല. എല്ലാ യൂണിവേഴ്സിറ്റി നിയമനങ്ങളും പി.എസ്.സി.-ക്ക് വിടണമെന്ന ക്യാബിനറ്റ് ഡിസിഷനെതിരായിട്ടാണ് ഈ ബില്ലിലെ പ്രൊവിഷൻ വന്നിരിക്കുന്നത്. അത് മാറ്റണം. നിയമനം പി.എസ്.സി. വഴിയാണെന്ന് വ്യക്തമായി പറയണം.

ശ്രീ. തോമസ് ഉണ്ണിയാടനുവേണ്ടി ശ്രീ. ടി.എൻ. പ്രതാപൻ: 2010-ലെ കേരള മത്സ്യബന്ധനത്തിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-1-2011 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഫിഷറീസ് സർവ്വകലാശാല എന്ന

ആശയം വളരെ പ്രാധാന്യമുള്ളതും ഇന്ത്യയിൽ ആദ്യത്തേതുമാണ്. സമുദ്രപഠനവും ഫിഷറീസ് മേഖലയുമായും ബന്ധപ്പെട്ട് വളരെ ശാസ്ത്രീയമായ നിരവധി മാറ്റങ്ങൾക്ക് ഇത് ഗുണകരമാകുമെന്നതിൽ തർക്കമില്ല. ഈ ബില്ലിനെ ഭരണ-പ്രതിപക്ഷഭേദമെന്യേ എല്ലാവരും പിന്തുണയ്ക്കും.

(ഭേദഗതി ബി) അവതരിപ്പിച്ചില്ല.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): ബിൽ അവതരിപ്പിച്ചതിനുശേഷം 3 ക്ലിയർ ഡേയ്സ് കഴിഞ്ഞാണ് അത് സർക്കുലേറ്റ് ചെയ്യേണ്ടതെന്നത് അംഗീകരിക്കുന്നു. അത് പ്രിന്റിംഗിൽ വന്ന കാലതാമസമാണ്. മേലിൽ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്. സർവ്വകലാശാല നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടണമെന്ന സ്പിരിറ്റ് ഉൾക്കൊള്ളുകയാണ്. ഇതിന്റെ ക്രമീകരണം ഏർപ്പെടുത്തി പ്രവർത്തനം തുടങ്ങുന്നതുവരെയുള്ള കാലയളവിലേയ്ക്കാണ് കൗൺസിലിന് അധികാരം കൊടുത്തത്.

നിരാകരണപ്രമേയം സഭ നിരാകരിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

2010-ലെ കേരള മത്സ്യബന്ധനത്തിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

വിശദീകരണം

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): കഴിഞ്ഞ ദിവസം അടിയന്തിരപ്രമേയ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സപ്ലൈകോ മുഖേന വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളിൽ മായം ചേർന്നിട്ടുള്ളതായി കണ്ടെത്തിയെന്ന് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പേമെന്റ് സ്റ്റോപ് ചെയ്ത സപ്ളയേഴ്സിന്റെ ലിസ്റ്റ് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. അപ്രകാരം പേമെന്റ് തടഞ്ഞ് ബ്ളാക്ക്‌ലിസ്റ്റ് ചെയ്ത 24 സപ്ളയേഴ്സിന്റെ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുന്നു.

സഭ ഉച്ചയ്ക്കുശേഷം 12.08-ന് പിരിഞ്ഞു.